പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1464** **02.07. 2015-** ലെ മറുപടി

**പ്രവാസികളുടെ ക്ഷേമത്തിനു വേണ്ടി പ്രഖ്യാപിച്ച പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)നാട്ടിലേക്ക് മടങ്ങിയ പ്രവാസികളുടെ ക്ഷേമത്തിനു വേണ്ടി (പുനരധിവാസ പാക്കേജ് ഉൾപ്പെടെ) ഈ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമാണ്; | എ). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മടങ്ങിയെത്തിയ പ്രവാസി ക്ഷേമത്തിന് വേണ്ടി പ്രഖ്യാപിച്ച പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) . വിദേശത്തു നിന്നും തിരികെയെത്തിയ പ്രവാസി മലയാളികൾ ആരംഭിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണിത്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ. ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുക, ഇവരുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക എന്നതും പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളാണ്. ഈ പദ്ധതി പ്രകാരം 19690 പേർ അപേക്ഷിച്ചിരുന്നു ഇവരെ എല്ലാപേരെയും സ്ക്രീനിംഗിനായി ക്ഷണിച്ചിരുന്നു. ഇതിൽ 7218 പേർ സ്ക്രീനിംഗിന് ഹാജരാകുകയും, ഇതിൽ 6809 പേരെ ആനുകൂല്യത്തിനായി തിരഞ്ഞെടുത്ത് അവർക്കുള്ള ശുപാർശ കത്തുകൾ അതാത് ബാങ്കുകളിലേക്ക് |

ലോൺ നൽകുന്നതിന് വേണ്ടി പരിഗണിക്കുവാൻ അയച്ചു കൊടുത്തിട്ടുണ്ട്. ഇതിൽ 791 പേർ സബ്സിഡി ആനുകൂല്യത്തിന് അർഹരായിട്ടുണ്ട്. 6.82 കോടി രൂപ സബ്സിഡി തുകയായി ഇതുവരെ നൽകിയിട്ടുണ്ട്.

ഇതു കൂടാതെ നിതാഖത്ത് ഉൾപ്പെടെ ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണവും മറ്റ് വിദേശ രാജ്യങ്ങളിൽ ഉണ്ടാകുന്ന പ്രത്യേക സാഹചര്യങ്ങളും മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തുന്ന പ്രവാസി മലയാളികൾക്ക് സുസ്ഥിര വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു സമഗ്ര പുനരധിവാസ പദ്ധതിയും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

ബി)പ്രസ്തുത പദ്ധതികൾക്കോരൊന്നിനും നീക്കിവച്ച തുക എത്രയാണ്; ബഡ്ജറ്റിന് പുറമെയാണോ പ്രസ്തുത തുക വകയിരുത്തിയതെന്ന് വിശദമാക്കാമോ;

സി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ നല്കുമോ?

ബി & സി) NDPREM പദ്ധതിയ്ക്ക് ബഡ്ജറ്റിൽ അനുവദിച്ച തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | അനുവദിച്ച തുക | ലഭ്യമായ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 2012-13 | 20,000,000.00 | 10000000 | 88,328.00 |
| 2013-14 | 29,700,000.00 | 14850000 | 18,444,263.00 |
| 2014-15 | 50,000,000.00 | 50000000 | 40,931,408.00 |
| 2015-16 | 87,500,000.00 | - | 17,140,470.00 |
| | **18,72,00,000.00** | **7,48,50,000.00** | **7,66,04,469.00** |

സെക്ഷൻ ഓഫീസർ